# 10

# യേശു: നമ്മുടെ ദൈവിക മാതൃക

പല കാരണങ്ങൾ കൊണ്ടു, അത്യുന്നതന്റെ ഏകജാതനായ പുത്രൻ തന്റെ പദവി വിട്ടു ഭൂമിയിൽ കൃപ നല്കേണ്ടതിനു വന്നു. ഒരിക്കൽ ഗിരിപ്രഭാഷണവും മറ്റു ദൈവിക ഉപദേശങ്ങളും പ്രസംഗിക്കേണ്ടിയിരുന്നു. അവൻ വന്നതിന്റെ മറ്റൊരു കാരണം രക്തം ചിന്തേണ്ടതിനായിരുന്നു. വേറൊരു കാരണം മരണത്തെ ജയിക്കേണ്ടതിനായിരുന്നു. അവൻ നമ്മുടെ മാതൃകയാകേണ്ടതിനുകൂടെയാണ് വന്നത്. കുട്ടികൾ തങ്ങളുടെ മാതാപിതാക്കളെ അനുകരിക്കും എന്നു സ്വർഗ്ഗിയ പിതാവിനു അറിയാമായിരുന്നു. പ്രായ പൂർത്തി ആയവർക്കും മാതൃക ആവശ്യമാണെന്നു അവൾ അറിഞ്ഞിരുന്നു. നമുക്ക് ആർക്കും അവന്റെ കാൽപാടുകളെ പൂർണ്ണമായി പിൻപറ്റുവാൻ കഴിയുന്നില്ല, എന്നാൽ നമുക്ക് ഒരു തികഞ്ഞ മാതൃക ഉള്ളതിനാൽ സന്തോഷിക്കാം.

### അവന്റെ യൌവനം

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യേശു മാതൃകയാണ്. ക്രിസ്തുവിന്റെ യൌവനത്തെക്കുറിച്ചു പരിശുദ്ധാത്മാവു ചിലതു പറയുന്നുണ്ട്. ലൂക്കൊസ് 2:51 പറയുന്നു “അവൻ അപ്പനും അമ്മക്കും കീഴ്പ്പെട്ടിരുന്നു” ജീവിതത്തിൽ ആദ്യത്തെ പഠിത്തം അവൻ മാതാപിതാക്കളെ അനുസരിക്കണം, അത് ഏറ്റവും അവഗണിക്കപ്പെട്ടിരിക്കുന്ന മുൻഗണനയാണ്.

അതിൽ കൂടുതലായി, ഒരു യുവാവായ യേശു മതപരമായ വ്യക്തിയായിരുന്നു. “അവൻ [തന്റെ] പിതാവിന്റെ ആലയത്തിൽ ഇരിക്കേണ്ടത്” എന്നു പറഞ്ഞു (ലൂക്കൊസ് 2:49). അവൻ “കാട്ടു വിത്തു വിതക്കുകയും” പാപം ചെയ്യുകയും ചെയ്തില്ല. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവരുടെ യൌവനത്തിൽ ശുദ്ധമായ ഭക്തിയുള്ള ജീവിതം നയിക്കുവാനുള്ള മാതൃക യേശുവിൽ നിന്നു പഠിക്കാം.

### അവന്റെ ലൗകിക പ്രവൃത്തി

യേശു ഒരു തച്ചനായിതീർന്നു എന്നതു യാദൃശ്ചികമായി തിരുവെഴുത്തിൽ എഴുതിയതല്ല (മർക്കൊസ് 6:3). അവൻ ഒരു ജോലിക്കു വേണ്ടി കണ്ടെത്തിയതല്ല തച്ചന്റെ പണി, എന്നാൽ ആ പണി അവൻ പഠിച്ച

താണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഒരു തൊഴിൽ പഠിക്കുന്നതു നല്ല താണെന്നും, ഏതു തൊഴിലും മാന്യമാണെന്നും തീർച്ചയായും, നാം മന സിലാക്കി അനുമോദിക്കണം. പുരാതന റബ്ബിമാർ യെഹൂദമാതാപിതാക്കളെ പഠിപ്പിച്ചിരുന്നതു അവർ അവരുടെ മക്കളെ ഒരു തൊഴിൽ ചെയ്യുവാൻ പഠിപ്പിച്ചില്ലെങ്കിൽ മോഷ്ടിക്കുവാൻ പഠിപ്പിക്കുകയാണ് എന്നത്രേ.

### അവന്റെ സ്നാനം

യേശു ഗലീലയിൽ നിന്നു യോഹന്നാൻ സ്നാനപ്പെടുത്തിക്കൊണ്ടിരുന്ന സ്ഥലത്തേക്ക്, സ്നാനമേല്ക്കുവാൻ എഴുപതുമൈൽ നടന്നു പോയതു ഒരു മാതൃകാ വസ്തുതയാണ്. സ്നാനമേല്ക്കുവാൻ നിങ്ങൾ എത്രദൂരം പോകും? ചില ആളുകൾ ഒരടിപോലും പോകയില്ല. ചിലർ സ്നാനത്തെ പൂർണ്ണമായും നിരസിക്കും. അവരോടും യേശു കാണിച്ച മാതൃക വീക്ഷിക്കുന്നില്ല. അവനു ഒരു പാപവും കഴുകേണ്ടതായിട്ടുണ്ടായിരുന്നില്ല എങ്കിലും അവൻ ഉറപ്പുള്ള ഒരു മാതൃകയാണ് കാണിച്ചു തരുന്നത്. എങ്കിലും അവൻ സ്നാനത്തിനായി ശഠിച്ചു. അവനിൽ പാപം ഇല്ലെങ്കിലും, അവന്റെ പിതാവു സകല മനുഷ്യരും പാപമോചനത്തിനായി സ്നാനം ഏല്ക്കുവാൻ കല്പിച്ചിരിക്കുന്നതു അവന് അറിയാം. ദൈവത്തിന്റെ എല്ലാ കല്നകളും നിറവേറ്റുവാൻ അവൻ ആഗ്രഹിച്ചു. ഈ കല്പന തനിക്കു വേണ്ടി ചെയ്യുവാൻ അവൻ ഉപദേഷ്ടാവിനോട് (യോഹന്നാൻ സ്നാപകനോടു) പറഞ്ഞു. യേശുവാണ് അതിനു മുൻകൈ എടുത്തത്. നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ചു യേശു കാണിച്ചു തന്ന മാതൃകയെപ്പറ്റി നിങ്ങൾക്കു എന്തു പറയുവാനുണ്ട്?

### അവന്റെ പരീക്ഷണങ്ങളെ പ്രതിരോധിക്കൽ

പരീക്ഷണങ്ങളെ നേരിട്ടപ്പോൾ യജമാനൻ കൈകാര്യം ചെയ്തു വലിയ മാതൃക കാണിച്ചിട്ടുണ്ട്. മനുഷ്യനായതുകൊണ്ട് നമ്മെപ്പോലെ അവനും പരീക്ഷിക്കപ്പെട്ടു. ദുഷ്ടനെ പ്രതിരോധിക്കുന്ന ഒരു രീതി തിരുവെഴുത്തുകൾ എടുത്തു ഉപയോഗിക്കുക എന്നതാണ്.യേശുവിനു പഴയ നിയമ ഭാഗങ്ങൾ അറിയാമായിരുന്നതുകൊണ്ട് അവ ഉദ്ധരിക്കുവാൻ കഴിഞ്ഞു. ദൈവവചനം മൂർച്ചയുള്ള വാൾ പോലെയാണ്, അതിന്റെ മുറിക്കുന്ന ശക്തിയുടെ മുൻപിൽ പിശാചിനു നില്ക്കുവാൻ സാധ്യമല്ല. അതുകൊണ്ടു, നിങ്ങളും ഞാനും, നമ്മുടെ ആത്മാക്കളെ അപകടത്തിലാക്കാതെ, പിശാചിന്റെ വെല്ലുവിളികളെ നേരിടുവാൻ ആ വലിയ മാതൃകപിൻ പറ്റുക. നാം ബൈബിൾ പഠിച്ചാൽ അതിൽ നിന്നെടുത്തു നമുക്ക് ഉദ്ധരിക്കാം.

### നഷ്ടപ്പെട്ടവർക്കു വേണ്ടിയുള്ള അവന്റെ സ്നേഹം

ഏറ്റവും വലിയ മാതൃക സ്വഭാവത്തിൽ പെടുന്നതാണ് പാപികളായ ആത്മാക്കളോട് എരിവോടെ ഉപദേശിക്കുക എന്നത്. മതത്തിന്റെ പ്രചാരം നഷ്ടപ്പെട്ടുകൊണ്ടിരുന്ന യേശുവിന്റെ സമയത്ത്, അവൻ പാപികളോടും ഭ്രഷ്ടരാക്കിയവരോടും കൂടെ നടന്നു. ഒരവസരത്തിൽ, അവനു വിശപ്പു ഉണ്ടായിരുന്നിട്ടും, അവൻ പാപിയോടു സംസാരിക്കുന്നതു ആഹാരം കഴിക്കുന്നതിനേക്കാൾ വലുതാണെന്നു തെളിയിച്ചു. മററുള്ളവരോടു സുവി

ശേഷം പങ്കിടുന്ന താല്പര്യം നിങ്ങൾക്കു കുറവാണെങ്കിൽ, നിങ്ങൾ ഈ കാര്യത്തിൽ നിങ്ങളുടെ നായകനെ അവഗണിക്കുകയാണ്.

**ശത്രുക്കളോടുള്ള അവന്റെ സ്നേഹം**

തന്റെ ജീവിതത്തിലെ ഏറ്റവും വലിയ അദ്ധ്യായമായിരുന്നു തന്നോടു മോശമായി പെരുമാറിയവരോടുള്ള യേശുവിന്റെ മനോഭാവം. നമുക്ക് നന്മ ചെയ്യുന്നവരോട് നാം തിരിച്ചു നന്മ ചെയ്യുമ്പോൾ, യേശു തന്നോടു മോശമായി പെരുമാറിയവരോടു സ്നേഹവും ദയയും കാണിച്ചു. "പിതാവേ, അവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ; അവരോടു ക്ഷമിക്കേണമേ" (ലൂക്കൊസ് 23:34). പത്രൊസ് എഴുതി,

> ... ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു, അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല (1 പത്രൊസ് 2:21, 22).

ഈ കാര്യങ്ങളിലെല്ലാം നമ്മിൽ പലർക്കും യേശുവിന്റെ മാതൃക പിൻപറ്റാൻ കഴിയുമോ എന്നു സംശയമാണ്, എന്നാൽ പരിശ്രമിക്കാതിരിക്കുന്നതു പാപമാണ്, വർഷങ്ങൾ കഴിയുന്തോറും നമുക്കു നന്നാക്കിയെടുക്കുവാൻ കഴിയും.

**പിതാവിനോടുള്ള അവന്റെ അനുസരണം**

യേശു തന്റെ ഭൗതിക മാതാപിതാക്കളെ അനുസരിക്കുകയും സ്വർഗ്ഗീയ പിതാവിന്റെ കല്പനകൾ അനുസരിച്ചതും അവനു ഗദ്ശമന തോട്ടത്തിൽ സഹായകരമായി. ആ സുപരിചിത സ്ഥാനത്ത്, ഏതാണ്ട് അർദ്ധരാത്രിയിൽ, യജമാനൻ മുട്ടുകുത്തി "ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയ ഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു" (എബ്രായർ 5:7). അവൻ മരിക്കാൻ ആഗ്രഹിച്ചില്ല. അവനെ ക്രൂശിൽ ആണിയടിച്ചു തറച്ചപ്പോൾ നിങ്ങൾക്കും എനിക്കും ഉണ്ടാകുന്നതുപോലെ, അവൻ മരണവേദനയിലായി. "പുത്രൻ എങ്കിലും, താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണ ഭൂതൻ ആയിത്തീർന്നു" (എബ്രായർ 5:8, 9).

നമ്മുടെ ആഗ്രഹങ്ങളെ നമുക്കു ത്യജിക്കുവാൻ കഴിയാതെയും നമ്മെ പൂർണ്ണമായി നിസ്വാർത്ഥമായും ഹൃദയംഗമമായും, സമർപ്പിച്ചു കൊടുപ്പാനും കഴിയുന്നില്ലെങ്കിൽ പിന്നെ നാം അനുസരണം പഠിച്ചിട്ടില്ല: അവൻ ദൈവപുത്രൻ ആയതുകൊണ്ട് ഭൗതിക കഷ്ടങ്ങളിൽ നിന്നു അവൻ മാറിയില്ല. അവനു ഈ മനോഭാവം ഉണ്ടായിരുന്നതുകൊണ്ട്, അവനെ പിൻപറ്റുന്ന നമുക്ക് എങ്ങനെ ഈ അനുഗ്രഹിക്കപ്പെട്ട മാതൃക നിരസിക്കുവാൻ കഴിയും? (ഫിലിപ്പിയർ 2:5 നോക്കുക.)


© 2009 Truth for Today